Page 1 of 3

ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞത് ഉചിതമാണോ; ഓർഡറിലാണോ, സബ് സ്റ്റാൻസീവ് മോഷനിലാണോ എന്നുള്ളതിനാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

**ശ്രീ. കെ. ചന്ദ്രശേഖരൻ:** ഞാൻ പി.എ.സി. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തെറ്റാണോ ശരിയാണോ എന്നൊന്നും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് കുറേയേറെ ശരിയാണ് എന്നാണ്. ആ കാലഘട്ടം മാത്രമേ ഞാൻ പറഞ്ഞുള്ളു. പി.എ.സി. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം പരിശോധിച്ച് നേരെയാക്കാൻ കൂടുതൽ ശ്രമിക്കുന്നുണ്ട് എന്ന് ഞാൻ പറഞ്ഞു. എനിക്ക് യാതൊരു തരത്തിലും പി.എ.സി. യുടെ റിപ്പോർട്ടിൽ എതിർപ്പില്ല. എതിർപ്പുണ്ട് എന്ന ധ്വനി ബഹുമാനപ്പെട്ട മെമ്പർക്ക് തോന്നിയിട്ടുണ്ടെങ്കിൽ അത് തെറ്റാണ്. അങ്ങനെ ഇല്ല എന്ന് ഞാൻ വ്യക്തമാക്കുകയാണ്.

**ശ്രീ. ടി. എം. ജേക്കബ്:** സർ, അങ്ങയുടെ റൂളിംഗ് ഈ കാര്യത്തിൽ വേണം. ശ്രീ. വയലാർ രവി ചെയർമാനും ഞങ്ങളൊക്കെ അംഗങ്ങളുമായി രുന്ന പി.എ.സി. യാണ് ഈ റിപ്പോർട്ട് ഈ സഭയിൽ വച്ചത്.
10 a.m.] അതിനാധാരമായിട്ട് ഇപ്പോൾ മന്ത്രി പറഞ്ഞപ്പോൾ അതിനകത്ത് വസ്തുതയുണ്ട്. അതായത് സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനെക്കുറിച്ച് പറയുന്നതിൽ തെററില്ല. പക്ഷേ ശ്രീ. രവി ചൂണ്ടിക്കാണിച്ചതിനെ സംബന്ധിച്ച് അങ്ങ് അഭിപ്രായം പറയണം. അതല്ലെങ്കിൽ പിന്നേയും റിപ്പീററ് ചെയ്യും.

## റൂളിംഗ്

### ചോദ്യങ്ങൾക്ക് നൽകുന്ന ഉത്തരങ്ങൾ സംബന്ധിച്ച്

**മി. സ്പീക്കർ:** ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും അങ്ങനെ പി.എ.സി റിപ്പോർട്ടിനെക്കുറിച്ച് വിമർശനത്തിനിടവരത്തക്ക യാതൊരു പരാമർശനവും അദ്ദേഹം നടത്തിയിട്ടില്ല എന്നുള്ള പ്രസ്താവം മുഖവിലയ്ക്കെടുത്തും ആ പ്രശ്നം ഇവിടെ അവസാനിപ്പിക്കണമെന്നാണ് ഞാൻ പറയുന്നത്.

ഇന്നലെ വൈദ്യുതിയെക്കുറിച്ച് 55 ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യങ്ങൾക്ക് അനുമതി നിഷേധിച്ചതിനെപ്പററി ശ്രീ. ഇ. അഹമ്മദും പ്രതിപക്ഷ നേതാവും ഓരോ ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. രേഖകൾ പരിശോധിച്ച് ഇതിനെ സംബന്ധിച്ചു തീരുമാനം അറിയിക്കാം എന്ന് ചെയർ പറയുകയും ചെയ്തിരുന്നു. അതനുസരിച്ച് ബന്ധപ്പെട്ട രേഖകൾ ചെയർ പരിശോധിക്കുകയുണ്ടായി. ഇന്നലെ അനുമതി നൽകാത്ത ചോദ്യങ്ങളുടെ സാരാംശം സ്ററാർഡ് ക്വസ്ററ്യൻസ് നമ്പേഴ്സ് 99, 107 എന്നിവയിലും അൺസ്ററാർഡ് ക്വസ്ററ്യൻസ് നമ്പേഴ്സ് 441, 445, 450, 453, 454, 461, 471 എന്നിവയിലും വന്നിട്ടുണ്ട്. ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളും ചോദ്യങ്ങളും സാരാംശത്തിൽ ഒന്നുതന്നെയാണ്. കൂടാതെ ഈ ചോദ്യങ്ങളുടെ സാരാംശം റൂൾ 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്റെ ചർച്ചയിലും വിശദമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. ചോദ്യങ്ങൾ ചോദിക്കുന്നതിന്റെ പ്രധാനപ്പെട്ട ഉദ്ദേശം ഗവൺമെന്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയെന്നുള്ളതാണ്. മേൽപ്പറഞ്ഞ എല്ലാ ചോദ്യങ്ങൾക്കും നൽകേണ്ട വിവരങ്ങൾ ഇതിനകം മന്ത്രിയിൽ നിന്ന് സഭയിലെ അംഗങ്ങൾക്ക് ലഭിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കറിയാവുന്നതുപോലെ ചോദ്യങ്ങൾ അനുവദിക്കുന്നതിനും അനുവദിക്കാതിരിക്കുന്നതിനും ചെയറിനുള്ള അധികാരം



LIBRARY ARCHIVES Kerala Legislative Assembly

അനിഷേധ്യമാണ്. മാത്രവുമല്ല, ഇത് പരിശോധിച്ച അവസരത്തിൽ 55 മെമ്പർമാർ ചോദിച്ച ചോദ്യങ്ങളും ആവർത്തന സ്വഭാവം ഉള്ളവയാണ്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഇവിടെ വന്നാൽ രേഖകൾ കാണിച്ചു തരാം. ബോദ്ധ്യപ്പെടുത്തിത്തരാം. No further discussion................ ഇവിടെ ഈ കാര്യത്തിൽ I am reading from Shakdher & Kaul :—

"In/ effect the Speaker has discretionary power, conferred by the rules and inherent in him, to admit or disallow a question without any reason being assigned and no one can question it. There is no right of representation to the Speaker against his decision on a question. Facts may, however, be placed before him or he may himself call for facts, but it is entirely within his discretion to give such decision as he may think fit, after taking all the facts and circumstances into consideration.... ഇതാണ് വസ്തുത. സാധാരണഗതിയിൽ ചോദ്യോത്തരങ്ങൾ സഭയിൽ ഒരു പ്രശ്നമാക്കുകയെന്നുള്ള നടപടിക്രമം ഈ സഭയിലില്ല. അത് മാത്രവുമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. ഇ. അഹമ്മദും മററു ചില മെമ്പർമാരും ഇവിടെ ചിലതൊക്കെ പൊക്കിക്കാണിക്കുകയുണ്ടായി. അത് വളരെയധികം മോശമായിപ്പോയി. ഇതിനു പിന്നിൽ യാതൊരു ബാഹ്യശക്തിയുടേയും ഇടപെടലില്ല. തികച്ചും ചട്ടമനുസരിച്ച്, 100 ശതമാനവും ചട്ടമനുസരിച്ച് മാത്രമാണ് നമ്മുടെ ഉദ്യോഗസ്ഥൻമാർ പ്രവർത്തിച്ചത്. ഇതിനെ പ്രകടനമാക്കി മാററിയത് ഒരിക്കലും സഭയുടെ അന്തസ്സിന് ചേർന്ന നടപടിയല്ലെന്ന് ഞാൻ വളരെ ശക്തിയായ ഭാഷയിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇന്നും ഒരാൾ പൊക്കിക്കാണിക്കുന്നത് കണ്ടു. ഇതെല്ലാം വെറും പ്രകടനം എന്നുള്ള നിലയിൽ അല്ലാതെ ചട്ടപ്രകാരമാണെന്ന് പറയാൻ വയ്യ. ഇതു മുഴുവൻ ആവർത്തനമാണ്. അതുകൊണ്ട് ചോദ്യങ്ങൾക്ക് അനുമതി നിഷേധിച്ചു എന്ന് പരാതിപ്പെട്ടുകൊണ്ട് സഭാതലത്തിൽ ഇങ്ങനെയൊരു കാര്യം ഉന്നയിച്ചത് നിർഭാഗ്യകരമായിപ്പോയി. ബഹുമാനപ്പെട്ട മെമ്പർമാർ ഇങ്ങനെയുള്ള കാര്യങ്ങൾ സ്പീക്കറുടെ ചേമ്പറിൽ വന്ന് സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് യുക്തമായ പരിഹാരം കാണാവുന്നതാണ്. മറിച്ച് ഒരു കീഴ്വഴക്കം ഉണ്ടാകുന്നത് തികച്ചും ആരോഗ്യകരമല്ല, ഇങ്ങനെയുള്ള ഒരു ശ്രമം മേലിലെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾ നടത്തരുത് എന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ചോദ്യങ്ങളുടെ ഉത്തരങ്ങൾ യഥാസമയം ലഭിക്കാത്തതു സംബന്ധിച്ചും പല ചോദ്യങ്ങൾക്കും വിവരം ശേഖരിച്ചു വരുന്നു എന്നുള്ള മറുപടിയേ ലഭിക്കുന്നുള്ളു എന്നുള്ളതിനെ സംബന്ധിച്ചും ശ്രീ. ടി. എം. ജേക്കബ് ഒരു പോയിൻറ് ഓഫ് ഓർഡർ ചെയറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. രേഖകൾ പരിശോധിച്ചപ്പോൾ 21-6-1989 വരെ അനുവദിച്ചിട്ടുള്ള 1100 ചോദ്യങ്ങളിൽ 96 ചോദ്യങ്ങൾക്കു മാത്രമാണ് അതായത് 10 ശതമാനത്തിന് താഴെ ഉള്ളവയ്ക്കു മാത്രമാണ് "വിവരം ശേഖരിച്ചു വരുന്നു" എന്നുള്ള മറുപടി നൽകിയിട്ടുള്ളത്. ഇതിനു മുമ്പുള്ള രേഖകൾ എല്ലാം പരിശോധിച്ചതിൽ ഇത് ഒരു വീഴ്ചയായി കണക്കാക്കാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല, ഗവൺമെൻറ് ഈ കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നു എന്നുതന്നെയാണ് പറയേണ്ടിയിരിക്കുന്നത്. ചോദ്യങ്ങൾ ചോദിക്കുന്നതും ഗവൺമെൻറിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും നിയമസഭാംഗങ്ങളുടെ അവകാശങ്ങളിലൊന്നാകയാൽ എല്ലാ ചോദ്യങ്ങൾക്കും കാലതാമസം കൂടാതെ പരമാവധി വേഗത്തിൽ ഉത്തരം നൽകാൻ ഗവൺമെൻറ് വേണ്ട നടപടികൾ എടുക്കേണ്ടതാണ്. മാത്രമല്ല, "വിവരം ശേഖരിച്ചു വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന് മറുപടി ലഭിക്കുന്ന ചോദ്യങ്ങളിൽ ചിലത് വളരെ പ്രധാനപ്പെട്ടവ ആയിരിക്കും എന്നുള്ളതുകൊണ്ട് എണ്ണമല്ല ഇതിൽ പ്രധാനം. ശതമാനമല്ല പ്രധാനം, ചെയറിന്റെ വ്യക്തമായ അഭിപ്രായം എല്ലാ ചോദ്യങ്ങൾക്കും കൃത്യമായ മറുപടി പറയണം എന്നതു തന്നെയാണ്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി സഭയെ ഓർമ്മിപ്പിക്കുകയാണ്. ജനപ്രതിനിധികൾ ഈ സഭയിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. മാത്രവുമല്ല, ഇലക്ട്രോണിക് ഡിവൈസസ് വരെയുള്ള ഈ കാലഘട്ടത്തിൽ വിവരങ്ങൾ ശേഖരിക്കാൻ താമസമുണ്ടെന്നുള്ള വാദഗതി ചെയറിന് സ്വീകാര്യമല്ല. എത്രയും പെട്ടെന്ന് 10 ശതമാനത്തിൽ നിന്ന് താഴോട്ടു പോകണമെന്നാണ് ചെയറിന്റെ അഭിപ്രായം. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ ഉണ്ടാകണം എന്നാണ് രണ്ടു പ്രശ്നങ്ങളെ സംബന്ധിച്ചുള്ള റൂളിംഗ്. ഇതിനെ സംബന്ധിച്ച് യാതൊരു പോയിന്റ് ഓഫ് ഓർഡറും യാതൊരു അഭിപ്രായവും അനുവദിക്കുന്നതല്ല, I won't admit any point or any question regarding this matter.

# III റിപ്പോർട്ട് സമർപ്പണം

## (1) 1989-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ സബ്ജക്ട് കമ്മിററി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 1989-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ സബ്ജക്ട് കമ്മിററി റിപ്പോർട്ടും സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

## (2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 26-ാമത് റിപ്പോർട്ട്

ശ്രീ. എം. സത്യനേശൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 26-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

# IV സബ്മിഷൻ

## "ആലുവായിൽ തൊഴിലാളികൾക്ക് നേരെ നടന്ന ലാത്തി ചാർജ്"

ശ്രീ. ഇ. അഹമ്മദ് : സർ, ഈ കഴിഞ്ഞ 20-ാം തീയതി ആലുവായിൽ തൊഴിലാളികളുടെ നേരെ ഉണ്ടായ ലാത്തിചാർജ്ജും അതിനെത്തുടർന്ന് അവിടത്തെ തൊഴിലാളി നേതാക്കൻമാർ അനുഷ്ഠിക്കുന്ന നിരാഹാര വ്രതവുംമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. അവിടെ ലോക ബാങ്കിന്റെ സഹായത്തോട് കൂടി വാട്ടർ അതോറിററിയുടെ കീഴിൽ വാട്ടർ ട്രീററുമെന്റ് പ്ലാന്റു നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഒരു വിഭാഗം തൊഴിലാളികൾക്കു

LIBRARY ARCHIVES Kerala Legislative Assembly